പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 69

# 2012-ലെ വ്യവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 69

# 2012-ലെ വ്യവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ

132/2012.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 69

# 2012-ലെ വ്യവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ

1947-ലെ വ്യവസായിക തർക്കങ്ങൾ ആക്റ്റ്
വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1947-ലെ വ്യവസായിക തർക്കങ്ങൾ ആക്റ്റ് (1947-ലെ 14-ാം കേന്ദ്ര ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി കേരള സംസ്ഥാനത്ത് ബാധകമാകുന്ന വിധം ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തി മൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ വ്യവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിനു കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.— 1947-ലെ വ്യവസായിക തർക്കങ്ങൾ ആക്റ്റിന്റെ (1947-ലെ 14-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പ് (ധ) ഖണ്ഡത്തിൽ "മേൽനോട്ടം സംബന്ധിച്ചതോ സാങ്കേതികമോ ക്ലാർക്കിന്റേതോ ആയ പ്രവർത്തി" എന്ന വാക്കുകൾക്കുശേഷം "അല്ലെങ്കിൽ വില്പന അഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ടിയുള്ള ഏതെങ്കിലും പ്രവൃത്തി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1947-ലെ വ്യവസായിക തർക്കങ്ങൾ ആക്റ്റിൽ (1947-ലെ 14-ാം കേന്ദ്ര ആക്റ്റ്) പശ്ചിമബംഗാൾ സംസ്ഥാനത്തിനു ബാധകമായിരിക്കുന്നതുപോലെ വില്പന അഭിവൃദ്ധി പ്പെടുത്തുന്ന തൊഴിലാളികളെ ഈ ആക്റ്റിന്റെ പരിധിയിൽ കൊണ്ടുവരത്തക്കവിധം "തൊഴിലാളി" എന്ന വാക്കിന്റെ നിർവ്വചനത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതു പരിഗണിക്കണമെന്നു ഭാരത സർക്കാർ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുക ഉണ്ടായി. ഈ സംസ്ഥാനത്തെ വില്പന അഭിവൃദ്ധിപ്പെടുത്തുന്ന തൊഴിലാളികൾ അവരെക്കൂടി 1947-ലെ വ്യവസായിക തർക്കങ്ങൾ ആക്റ്റിന്റെ പരിധിയിൽ കൊണ്ടു വരണമെന്നു കാണിച്ച് കാലാകാലങ്ങളിൽ നിവേദനങ്ങൾ സമർപ്പിച്ചുവരുന്നുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് 1947-ലെ വ്യവസായിക തർക്കങ്ങൾ ആക്റ്റ് കേരള സംസ്ഥാനത്തിനു ബാധകമാകുന്നവിധം ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

**ഷിബു ബേബി ജോൺ.**

(ശരിത്തർജ്ജമ)

# 1947-ലെ വ്യവസായിക തർക്കങ്ങൾ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1947-ലെ 14-ാം കേന്ദ്ര ആക്റ്റ്)

** ** **

** ** **

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ, വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം,—

(ക)** ** **

(ധ) "തൊഴിലാളി" എന്നാൽ, നിയോജന നിബന്ധനകൾ പ്രകടമോ വ്യംഗമോ ആയാലും, ഏതെങ്കിലും വ്യവസായത്തിൽ, കൂലിക്കോ പ്രതിഫലത്തിൻമേലോ വിദഗ്ദ്ധമോ അവിദഗ്ദ്ധമോ ആവശ്യമില്ലാത്തതോ ശാരീരികമോ മേൽനോട്ടം സംബന്ധിച്ചതോ സാങ്കേതികമോ ക്ലാർക്കിന്റേതോ ആയ പ്രവർത്തി ചെയ്യാൻ നിയോഗിക്കപ്പെട്ട ഏതെങ്കിലും ആൾ (അപ്രന്റീസ് ഉൾപ്പെടെ) എന്നർത്ഥമാകുന്നതും, ഒരു വ്യവസായിക തർക്കം സംബന്ധിച്ച് ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും നടപടിയുടെ ആവശ്യങ്ങൾക്ക്, അതിൽ അങ്ങനെയുള്ളതും, ആ തർക്കം സംബന്ധിച്ചോ അതിന്റെ അനന്തരഫലമായോ ഡിസ്മിസ് ചെയ്യപ്പെടുകയോ, ഡിസ്ചാർജ്ജ് ചെയ്യപ്പെടുകയോ, റീട്രെഞ്ച് ചെയ്യപ്പെടുകയോ ചെയ്തതോ അല്ലെങ്കിൽ, ആരുടെ ഡിസ്മിസ്സിലോ ഡിസ്ചാർജ്ജോ റീട്രെഞ്ച്മെന്റോ ആണ് ആ തർക്കത്തിലേക്ക് നയിച്ചത്, അങ്ങനെയുള്ളതോ ആയ ഏതെങ്കിലും ആൾ ഉൾപ്പെടുന്നതും, എന്നാൽ അങ്ങനെയുള്ളതും,

(i) 1950-ലെ കരസേനാ ആക്റ്റി (1950-ലെ 46) നോ, അല്ലെങ്കിൽ 1950-ലെ വ്യോമസേന ആക്റ്റി (1950-ലെ 45) നോ, അല്ലെങ്കിൽ 1957-ലെ നാവികസേനാ ആക്റ്റിനോ വിധേയനായിട്ടുള്ളവനോ ; അല്ലെങ്കിൽ

(ii) പോലീസ് സർവ്വീസിലോ, കാരാഗൃഹത്തിലെ ഉദ്യോഗസ്ഥനോ മറ്റു ജോലിക്കാരനോ ആയോ നിയോഗിക്കപ്പെട്ടവനോ ; അല്ലെങ്കിൽ

(iii) മുഖ്യമായി മാനേജരുടെയോ ഭരണകർത്താവിന്റെയോ നിലയിൽ നിയോഗിക്കപ്പെട്ടവനോ ; അല്ലെങ്കിൽ

(iv) മേൽ നോട്ടക്കാരനെന്ന നിലയിൽ നിയോഗിക്കപ്പെട്ടിരിക്കേ, പ്രതിമാസം ആയിരത്തി അറുന്നൂറു രൂപയിൽ കവിയുന്ന കൂലി വാങ്ങുകയോ, ആ ഉദ്യോഗത്തോടനുബന്ധിച്ചുള്ള കർത്തവ്യങ്ങളുടെ പ്രകൃതത്താലോ, തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ കാരണമായോ മുഖ്യമായി മാനേജരുടെതിന്റെ പ്രകൃതത്തോടുകൂടിയ ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്യുന്നവനോ,

ആയ ഏതെങ്കിലും ആൾ ഉൾപ്പെടുന്നതല്ലാത്തതും എന്നർത്ഥമാകുന്നു.

** ** **

---